"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി-നെയ്ത്തു ജോലിയ്ക്കായുള്ള നൂൽ, സംസ്ഥാനത്തെ സഹകരണ സ്പിന്നിംഗ് മില്ലുകൾ നേരിട്ട് യാൺബാങ്കുകൾ വഴി നെയ്ത്തുകാർ/സംഘങ്ങൾക്ക് വിതരണം ചെയ്യുന്നത്-അനുമതി നൽകി ഉത്തരവാകുന്നു.

---

വ്യവസായ (സി) വകുപ്പ്

സ.ഉ.(സാധാ) നം.322/2024/ID തീയതി,തിരുവനന്തപുരം, 06-05-2024

---

പരാമർശം:- കൈത്തറിഡയറക്ടറുടെ 25/03/2024, 08/04/2024 തീയതികളിലെ എച്ച്.എൽ/892/2023-സി2 നമ്പർ കത്തുകൾ

**ഉത്തരവ്**

സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയിൻ കീഴിൽ നെയ്ത്തു ജോലിയ്ക്കായുള്ള നൂൽ, സ്പിന്നിംഗ് മില്ലുകളിൽ നിന്നും നാഷണൽ ഹാന്റ് ലൂം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (എൻ.എച്ച്.ഡി.സി) മുഖേന യാൺ ബാങ്കുകൾ വഴിയാണ് നെയ്ത്തുകാർക്ക്/സംഘങ്ങൾക്ക് നിലവിൽ ലഭ്യമാക്കി വരുന്നത്. വിതരണം ചെയ്യുന്നതിനുള്ള നൂലിന്റെ അളവും, വിലയും നിശ്ചയിക്കുന്നത് കൈത്തറി വസ്ത്ര ഡയറക്ടർ അദ്ധ്യക്ഷനായുള്ള യാൺ പർച്ചേസ് കമ്മിറ്റിയുമാണ്.

(2) നൂൽ വിതരണത്തിലുണ്ടാകുന്ന കാലതാമസമടക്കമുള്ള വിവിധ പ്രശ്നങ്ങൾ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയെ ബാധിക്കുന്നതിനാൽ, അവ പരിഹരിക്കുന്നതിലേക്കായി എൻ.എച്ച്.ഡി.സി മുഖേനയല്ലാതെ കേരളത്തിലെ സഹകരണ സ്പിന്നിംഗ് മില്ലുകളിൽ നിന്നും നേരിട്ട് നൂൽ വിതരണം നടത്തുന്നതിനുള്ള അനുവാദം നൽകണമെന്ന് കൈത്തറി ഡയറക്ടർ സൂചന പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയിൻ കീഴിൽ നെയ്ത്തു ജോലിയ്ക്കായുള്ള നൂൽ, നാഷണൽ ഹാന്റ് ലൂം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന അല്ലാതെ, സംസ്ഥാനത്തെ സഹകരണ സ്പിന്നിംഗ് മില്ലുകളിൽ നിന്നും നേരിട്ട് നെയ്ത്തുകാർക്ക്/ സംഘങ്ങൾക്ക്, യാൺബാങ്കുകൾ വഴി വിതരണം

ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

കൈത്തറി ഡയറക്ടർ, തിരുവനന്തപുരം

സീനിയർ മാനേജർ, റീജിയണൽ ഓഫീസ്, നാഷണൽ ഹാന്റ് ലൂം ഡെവലപ്പ് മെന്റ്

കോർപ്പറേഷൻ, കണ്ണൂർ

യാൺ പർച്ചേസ് കമ്മിറ്റി അംഗങ്ങൾക്ക് (കമ്മിറ്റി അദ്ധ്യക്ഷനായ കൈത്തറി ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എ) കേരള, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, K-Bip, തിരുവനന്തപുരം

വിവരപൊതുജനസമ്പർക്കവകുപ്പ്(സർക്കാർ ഉത്തരവ് സർക്കാർ വെബ്സൈറ്റിൽ

പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sreekumar R
സെക്ഷൻ ഓഫീസർ
Date: 08-05-2024 12:20:43

പകർപ്പ് - ബഹു.വ്യവസായവകുപ്പ് മന്ത്രിയുടെ പി.എസിന്
വ്യവസായവകുപ്പ് സെക്രട്ടറിയുടെ സി.എ.യ്ക്ക്
വ്യവസായവകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്